ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE: 09-08-2026

1. രാജ്യത്തെ ജനങ്ങളുടെ ദേശസ്നേഹവും ഐക്യവും ദൃഢമാക്കാൻ ഹർ ഘർ തിരംഗ പ്രചാരണം നിർണായക പങ്ക് വഹിക്കുന്നതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.
2. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിന് സർക്കാർ എക്കാലവും മുൻഗണന നൽകുന്നുണ്ടെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
3. സംസ്ഥാനത്തിന്റെ ക്രമസമാധാനം തകർക്കുന്നവർക്കെതിരെ ശക്തമായ നടപടി ഉണ്ടാകുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
4. കനത്ത മഴയെത്തുടർന്ന് വെള്ളപ്പൊക്ക ദുരിതമനുഭവിക്കുന്ന കുട്ടനാട് മേഖലയിൽ സന്ദർശനം നടത്തി മന്ത്രിമാരായ എം. ലിജുവും, ടി. സിദ്ദിഖും.
5. സംസ്ഥാനത്ത് കനത്ത മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീടം ഇന്ത്യൻ താരം അഷ്മിത ചാലിഹയ്ക്ക്.

RNU TVPM

## ഉപരാഷ്ട്രപതി - ആൻഡമാൻ സന്ദർശനം

രാജ്യത്തെ ജനങ്ങളുടെ ദേശസ്നേഹവും ഐക്യവും ദൃഢമാക്കാൻ 'ഹർ ഘർ തിരംഗ' പ്രചാരണ പരിപാടി നിർണായക പങ്കുവഹിക്കുന്നതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. 'ഹർ ഘർ തിരംഗ' യജ്ഞത്തിന്റെ ഭാഗമായി ആൻഡമാൻ നിക്കോബാറിലെ ശ്രീവിജയപുരത്തെ ഫ്ലാഗ് പോയിന്റിൽ ദേശീയ പതാക ഉയർത്തിയശേഷം സംസാരിക്കുകയാരുന്നു അദ്ദേഹം. നിരവധി സ്വതന്ത്ര്യ സമര സേനാനികളുടെ ത്യാഗവും പോരാട്ടവീര്യവും നേരിട്ടറിഞ്ഞ മണ്ണാണ് ആൻഡമാനിലേതെന്നും അദ്ദേഹം പറഞ്ഞു.

***********************************

## ഹർ ഘർ തിരംഗ

രാജ്യത്ത് സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഹർ ഘർ തിരംഗ പ്രചാരണത്തിന് തുടക്കമായി. ദേശീയ പതാക ഉയർത്താനും ദേശസ്നേഹം, ദേശീയ ഐക്യം, ഇന്ത്യയുടെ സാംസ്കാരിക പൈതൃകം എന്നിവ ആഘോഷിക്കാനും പൗരന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം. 2022 ൽ ആസാദി കാ അമൃത് മഹോത്സവ് ആഘോഷങ്ങളുടെ ഭാഗമായാണ് ഹർ ഘർ തിരംഗ പരിപാടി ആരംഭിച്ചത്. പ്രചാരണത്തിന്റെ ഭാഗമായി നിരവധി പരിപാടികളും രാജ്യമെമ്പാടും സംഘടിപ്പിക്കുന്നുണ്ട്.

RNU TVPM

***********************************

## പിഎം - ക്വിറ്റ് ഇന്ത്യ

ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ പങ്കെടുത്ത എല്ലാവർക്കും ആദരം അർപ്പിച്ചു ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും. ക്വിറ്റ് ഇന്ത്യ എന്ന ആഹ്വാനം

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് പുതിയ ഊർജ്ജം പകർന്നുവെന്നും ഈ പ്രസ്ഥാനത്തിൽ പങ്കെടുത്തവരുടെ ധൈര്യം എല്ലാ ഇന്ത്യക്കാർക്കും എക്കാലവും പ്രചോദനമായിരിക്കുമെന്നും ശ്രീ മോദി സാമൂഹ്യ മാധ്യമത്തിൽ പറഞ്ഞു.

***********************************

## മുഖ്യമന്ത്രി

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിന് സർക്കാർ എക്കാലവും മുൻഗണന നൽകുന്നുണ്ടെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. "തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാചരണ"ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഈ വിഭാഗങ്ങളുടെ ഭവന നിർമാണവുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതി ആരംഭിക്കുമെന്നും വിദ്യാഭ്യാസത്തിന് കൂടുതൽ പരിഗണന നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

***********************************

## ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല (ഇൻട്രോ)

സംസ്ഥാനത്തിന്റെ ക്രമസമാധാനം തകർക്കുന്ന ഗുണ്ടകൾക്കെതിരെ ശക്തമായ നടപടി ഉണ്ടാകുമെന്നും ജനങ്ങളുടെ സമാധാനപരമായ ജീവിതത്തിനാണ് മുൻഗണന നൽകുന്നതെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. അർജ്ജുൻ ആയങ്കിയെ പിടികൂടിയ പശ്ചാത്തലത്തിൽ തൃശ്ശൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗുണ്ടകൾക്കെതിരെ കർശന നിരീക്ഷണം ഏർപ്പെടുത്തുമെന്നും നിയമപരമായ എല്ലാ നടപടിയും സ്വീകരിക്കുമെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു.

(വോയിസ്)

**********************************

## കുട്ടനാട് - മന്ത്രിസന്ദർശനം

കനത്ത മഴയെത്തുടർന്ന് വെള്ളപ്പൊക്ക ദുരിതമനുഭവിക്കുന്ന കുട്ടനാട് മേഖലകളിൽ മന്ത്രിമാരായ എം. ലിജുവും, ടി. സിദ്ദിഖും സന്ദർശനം നടത്തി. കെ.സി. വേണുഗോപാൽ എം.പി, റെജി ചെറിയാൻ എം എൽ എ, ജില്ലാ കളക്ടർ ഷാജി വി നായർ, കുട്ടനാട്ടിലെ ജനപ്രതിനിധികൾ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച സംഘം, അടിയന്തര ആശ്വാസ നടപടികൾ ഉറപ്പുനൽകി. തുടർന്ന്, കർഷകരുടെയും ദുരിതബാധിതരുടെയും പ്രത്യേക യോഗം ചേർന്നു. പുനഃകൃഷി ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി തിങ്കളാഴ്ച തിരുവനന്തപുരത്ത് സഹകരണ, കൃഷി, ധനകാര്യ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് പ്രത്യേക യോഗം ചേരും.

RNUTVPM

**********************************

## മന്ത്രി എ പി അനിൽകുമാർ- മഴ

സംസ്ഥാനത്ത്, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ മുന്നറിയിപ്പുകളും സർക്കാർ നിർദ്ദേശവും കർശനമായി പാലിക്കണമെന്ന് മന്ത്രി എ പി അനിൽകുമാർ. നിലവിൽ 370 ക്യാമ്പുകളിലായി 39,922 പേരാണുള്ളത്. ജില്ലാതല കൺട്രോൾ റൂമുകൾ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതായും മന്ത്രി അറിയിച്ചു.

**********************************

## മഴ

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കൻ ഒഡിഷക്കും മുകളിലായി ന്യൂനമർദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇതിന്റെ സ്വാധീനഫലമായി കേരളത്തിൽ വിവിധയിടങ്ങളിൽ കനത്ത മഴയ്ക്കും കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**********************************

## കർക്കിടകവാവ്

കർക്കടകവാവ് ബലിതർപ്പണത്തിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ബുധനാഴ്ചയാണ് കർക്കടകവാവ്. തിരുവനന്തപുരം - തിരുവല്ലം പരശുരാമക്ഷേത്രം, എറണാകുളം - ആലുവ മണപ്പുറം, വയനാട് - തിരുനെല്ലി മഹാവിഷ്ണുക്ഷേത്രം, മലപ്പുറം - തിരുനാവായ ശ്രീ നാവാ മുകുന്ദ ക്ഷേത്രം, തിരുവനന്തപുരം - വർക്കല പാപനാശം കടൽത്തീരം, കണ്ണൂർ - പയ്യാമ്പലം ബീച്ച് എന്നിവിടങ്ങളാണ് സംസ്ഥാനത്തെ പ്രധാനപ്പെട്ട ബലിതർപ്പണ കേന്ദ്രങ്ങൾ. മഴ സാഹചര്യം കണക്കിലെടുത്ത് പ്രത്യേക ജാഗ്രത നിർദേശവും നിലനിൽക്കുന്നുണ്ട്.

RNU TVPM

**********************************

## പാലക്കാട് (ഇൻട്രോ)

നെല്ലുവില ഓണത്തിന് മുൻപ് കൊടുത്തു തീർക്കാൻ സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസ് ഇനത്തിൽ

150 കോടി രൂപ കൂടി അനുവദിച്ചു. പാലക്കാട് ജില്ലയിൽ 306 കോടി രൂപയാണ് കർഷകർക്ക് നൽകാനുള്ളത്.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

**********************************

## കെ സുധാകരൻ എം‌പി-നീറ്റ് പിജി

നീറ്റ് പി.ജി പ്രവേശന പരീക്ഷയ്ക്ക് സംസ്ഥാനത്ത് നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് കേരളത്തിൽ തന്നെ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കെ. സുധാകരൻ എം.പി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷിക്ക് കത്തയച്ചു. പരീക്ഷാ കേന്ദ്രങ്ങൾക്ക് സംസ്ഥാന തലത്തിലുള്ള മുൻഗണനകളാണ് ഇത്തവണ അപേക്ഷയിൽ ചോദിച്ചിരുന്നത്. ഇതിന്റെ ഫലമായി ഭൂരിഭാഗം ഉദ്യോഗാർത്ഥികൾക്കും തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലാണ് കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളതെന്നും അദ്ദേഹം കത്തിൽ ചൂണ്ടിക്കാട്ടി. ഈ മാസം 30 നാണ് പരീക്ഷ.

**********************************

## വയനാട് - കാട്ടാന (ഇൻട്രോ)

കാട്ടാനശല്യത്തിൽ പൊറുതിമുട്ടി വയനാട്ടിലെ കർഷകർ. മഴക്കാലമായതോടെ കൂട്ടത്തോടെ ജനവാസ മേഖലയിലേക്ക് ഇറങ്ങുകയാണ് കാട്ടാനകൾ. അടിയന്തരമായി കാട്ടാനകളെ തുരത്തണം എന്നാണ് നാട്ടുകാരുടെ ആവശ്യം.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്..

(വോയിസ്)

**********************************

## കൊറിയ മാസ്റ്റേഴ്സ് കിരീടം

കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീടം ഇന്ത്യൻ താരം അഷ്മിത ചാലിഹയ്ക്ക്. രാവിലെ നടന്ന ഫൈനലിൽ ചൈനയുടെ ഹാൻ ക്വിയാൻ ഷി യെ 14-21, 21-14, 21-14 എന്ന സ്കോറിനാണ് അഷ്മിത പരാജയപ്പെടുത്തിയത്. അഷ്മിതയുടെ ആദ്യ BWF കിരീടമാണിത്.

**********************************

## പി എസ് സി - രാജീവ് ചന്ദ്രശേഖർ

പി എസ് സി വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് കത്ത് അയച്ച്, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. സമരം ചെയ്യുന്ന ഉദ്യോഗാർഥികളുമായി, സർക്കാർ അടിയന്തര ചർച്ചയ്ക്കു തയാറാകണമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ ആവശ്യപ്പെട്ടു.

**********************************

## നീണ്ടകര-ഗൗതം കൃഷ്ണ

നീണ്ടകരയിൽ വള്ളം മറിഞ്ഞ് കാണാതായ ഗൗതം കൃഷ്ണനെ കണ്ടെത്തുന്നതിനായി കൊച്ചിയിൽ നിന്നുള്ള നാവികസേനാ കപ്പൽ സംഭവസ്ഥലത്തെത്തി തെരച്ചിൽ ആരംഭിച്ചു. കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ നേരിട്ടുള്ള ഇടപെടലിനെ തുടർന്നാണ് നടപടി. ഇതിന് പുറമെ, കോസ്റ്റ് ഗാർഡിന്റെ

RNU TVPM

ഹെലികോപ്റ്ററും ഗൗതം കൃഷ്ണനുവേണ്ടിയുള്ള തിരച്ചിലിനായി എത്തുന്നുണ്ട്.

***********************************

## സംസ്ഥാന കർഷക അവാർഡ് 2025

2025-ലെ സംസ്ഥാന കർഷക പുരസ്കാര ജേതാക്കളെ മന്ത്രി ടി. സിദ്ദിഖ് ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് പ്രഖ്യാപിക്കും. കർഷകരുടെ അധ്വാനത്തിനും കാർഷിക മേഖലയിലെ മികച്ച മാതൃകകൾക്കും അംഗീകാരം നൽകുന്നതിനാണ് പുരസ്കാരം. കാർഷിക മേഖലയിലെ സമഗ്ര സംഭാവനകൾക്കുള്ള ഉമ്മൻ ചാണ്ടി സ്മാരക അവാർഡ്, അർബൻ റൂഫ്ടോപ്പ് ഫാർമർ, ഉദ്യാന ശ്രേഷ്ഠ എന്നിങ്ങനെ മൂന്ന് പുതിയ പുരസ്ക്കാരങ്ങൾ ഉൾപ്പടെ 38 വിഭാഗങ്ങളിലായാണ് അവാർഡുകൾ പ്രഖ്യാപിക്കുന്നത്.

RNU TVPM

***********************************

## എം ലിജു - കയർ

"ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം - കയറിനൊരു കൈത്താങ്ങ്" എന്ന സന്ദേശവുമായി നടപ്പിലാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി രമേശ് ചെന്നിത്തല ഇന്ന് ആലപ്പുയിൽ നിർവഹിക്കും. ഓരോ കേരളീയ ഭവനത്തിലും കുറഞ്ഞത് ഒരു കയർ ഉൽപ്പന്നമെങ്കിലും എത്തിക്കുക എന്നതാണ് ആറു മാസം നീണ്ടുനിൽക്കുന്ന പരിപാടിയുടെ ലക്ഷ്യം.

***********************************

## രാജ്യാന്തര സെമിനാർ

ആദിവാസി ജീവിതം, ക്ഷേമം, ആരോഗ്യം എന്ന വിഷയത്തിൽ കണ്ണൂർ സർവകലാശാല സംഘടിപ്പിക്കുന്ന ദ്വിദിന രാജ്യാന്തര സെമിനാർ നാളെ ആരംഭിക്കും. സർവ്വകലാശാലയുടെ താവക്കര ക്യാമ്പസിൽ ആണ് സെമിനാർ.

RNU TVPM